(ബി) പിടിച്ചെത്തവ പൂർണ്ണമായും മഹസറിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) അറസ്റ്റ് ചെയ്ത സമയം വീട്ടിൽ നിന്നും പോലീസ് പിടിച്ചെടുത്തതായി പറയുന്ന എല്ലാ ലാപ്പോപ്പുകളും മൊബൈൽ ഫോണുകളും, കംപ്യൂട്ടർ ഹാർഡ് ഡിസ്കുകളും സോളാർ ബിസിനസ് സംബന്ധമായ രേഖകളും സോളാർ അന്വേഷണ കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ടിപ്പർ ലോറി അപകടങ്ങൾ

292 (270) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ടിപ്പർ ലോറി അപകടങ്ങളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) എത്ര മരണങ്ങൾ ഈ അപകടങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ടിപ്പർ ലോറികളുടെ അമിതവേഗത നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വാർഷിക അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. (18-05-2011 മുതൽ 2016 ജനുവരി 31 വരെ)

(സി) തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾ രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കാരുടെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടെ ടിപ്പർ ലോറികളുടെ അമിതവേഗതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. അമിതവേഗത്തിൽ ഓടിക്കുന്ന ടിപ്പർ ഡ്രൈവർമാരുടെ പേരിൽ എം.വി. ആക്ട് പ്രകാരം പിഴ ചുമത്തുകയും മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അമിത വേഗതയ്ക്ക് കുറവു വരുത്തുന്നതിനായി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഉണ്ടാക്കുന്ന അപകടങ്ങളുടെ വിശദ വിവരങ്ങൾ പരിശോധിച്ചശേഷം നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും ഇവയെ പ്രവേശിപ്പിക്കാതിരിക്കുന്ന സമയം രാവിലെ 8.30 മുതൽ 10.30 വരെയും വൈകുന്നേരം 3.30 മുതൽ 5.30 വരെയുമാക്കി പുനഃക്രമീകരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണ്.

സോളാർ അന്വേഷണ കമ്മീഷന്റെ സുഗമമായ പ്രവർത്തനം

293 (271) ശ്രീ. എ. കെ. ബാലൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ അന്വേഷണ കമ്മീഷനുമായി സഹകരിച്ചുകൊണ്ട്, കമ്മീഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാമോ; പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ട് കമ്മീഷനെ സമ്മർദ്ദത്തിലാക്കാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മീഷൻ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ചിലർ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? പോലീസ് ഉദ്യോഗസ്ഥരിൽ ആരെല്ലാമാണ് കമ്മീഷൻ മുമ്പാകെ മൊഴി നൽകാതെ വിട്ടുനിന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? കമ്മീഷന് മൊഴി നൽകുന്നതിന് തലേ ദിവസം ശ്രീമതി സരിതാ നായരെ സ്വാധീനിക്കാൻ, കെ. പി. സി. സി ജനറൽ സെക്രട്ടറി ശ്രീ തമ്പാനൂർ രവി ശ്രമിച്ചതായി പുറത്തു വന്നിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇദ്ദേഹത്തിനെതിരെ ക്രിമിനൽ നടപടി നിയമപ്രകാരം കേസെടുത്തിട്ടുണ്ടോ;

(സി) ശ്രീമതി സരിത സത്യം പറയുന്നത് ഭയപ്പെടുന്നവർ ആരോ, അവർ ശ്രീമതി സരിതയെ തടയുന്നതായുള്ള കമ്മീഷന്റെ തന്നെ പരാമർശം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ? അന്വേഷണത്തിന്റെ ഭാഗമായി ഉന്നത ഉദ്യോഗസ്ഥൻ ശേഖരിച്ചിരുന്ന ഫോൺരേഖ, പിന്നീട് അപ്രത്യക്ഷമാക്കിയ നടപടിയെക്കുറിച്ച് പോലീസ് അന്വേഷിച്ചിരുന്നോ;

(ഡി) കമ്മീഷന് സ്വതന്ത്രമായി പ്രവർത്തിക്കാൻ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് തിരുത്താമോ?